**3 മിനുറ്റ് പ്രവചനക്കുറിപ്പ് തയ്യാറാക്കുവാൻ സഹായകരമായ, പ്രവചനത്തിനുള്ള ഉദാഹരണ-വിഷയങ്ങൾ**
**2025-DST—ദൂത് പന്ത്രണ്ട്—ക്രിസ്തു പ്രതിഫലത്തോടും ശിക്ഷയോടുംകൂടെ വരുന്നതും, ഇരുണ്ട സ്ഥലത്ത് ഒരു വിളക്ക് പ്രകാശിക്കുന്നതും, ക്രിസ്തു തന്റെ ജയാളികൾക്ക് ഉദയനക്ഷത്രമായി സ്വകാര്യമായി പ്രത്യക്ഷപ്പെടുന്നതും**

**ദിവസം 1**
**വിഷയം 1**
When the Lord Returns to Receive the Kingdom, He Will Reward or Punish All Those Who Belong to Him (Rev. 22:12; Matt. 16:27)
(Please illustrate that eternal salvation has nothing to do with our works, but the kingdom reward is entirely according to our living by the Lord's life after we are saved.)

കർത്താവ് രാജ്യം കൈക്കൊള്ളുവാൻ മടങ്ങിവരുമ്പോൾ, തനിക്കുള്ള ഏവർക്കും അവൻ പ്രതിഫലം നൽകുകയോ ശിക്ഷിക്കുകയോ ചെയ്യും (വെളി. 22:12; മത്താ. 16:27)
(നിത്യരക്ഷയ്ക്ക് നമ്മുടെ പ്രവൃത്തികളുമായി യാതൊരു ബന്ധവുമില്ലെന്നും, എന്നാൽ രാജ്യ പ്രതിഫലം പൂർണ്ണമായും നാം രക്ഷിക്കപ്പെട്ടതിനുശേഷം കർത്താവിന്റെ ജീവനാലുള്ള നമ്മുടെ ജീവിതത്തിനൊത്തവണ്ണമാണ് എന്നും ദയവായി വിശദീകരിക്കുക.)

**വിഷയം** 2
How We Serve the Lord after We Are Saved Is a Great Question (Matt. 25:14-30; 1 Cor. 3:10)
(Please illustrate that while we live on the earth, it is not enough to say that our conscience is clear; the Lord will also judge how we have served Him.)

നാം രക്ഷിക്കപ്പെട്ടതിനുശേഷം എങ്ങനെ കർത്താവിനെ സേവിക്കുന്നു എന്നത് ഒരു വലിയ ചോദ്യമാണ് (മത്താ. 25:14-30; 1 കൊരി. 3:10)
(നാം ഭൂമിയിൽ ജീവിക്കുമ്പോൾ, നമ്മുടെ മനസ്സാക്ഷി ശുദ്ധമാണെന്ന് പറയുന്നത് മാത്രം പോരാ എന്ന് ദയവായി വിശദീകരിക്കുക; നാം അവനെ എങ്ങനെ സേവിച്ചു എന്നതും കർത്താവ് ന്യായവിധിക്കും.)

**ദിവസം 2**
**വിഷയം 3**
The Lord Jesus Will Judge All His Believers before the Judgment Seat (1 Cor. 3:14; 2 Cor. 5:10)
(Please illustrate that the future punishment should be a warning and an admonition to us.)

കർത്താവായ യേശു തന്റെ എല്ലാ വിശ്വാസികളെയും ന്യായാസനത്തിനു മുമ്പാകെ ന്യായവിധി നടത്തും (1 കൊരി. 3:14; 2 കൊരി. 5:10)
(ഭാവിയിലെ ശിക്ഷ നമുക്കൊരു മുന്നറിയിപ്പും പ്രബോധനവും ആയിരിക്കണം എന്ന് ദയവായി വിശദീകരിക്കുക.)

**വിഷയം** 4

The Reward and Punishment Are Determined According to God's Wisdom (1 Cor. 3:14; 2 Cor. 5:10)

(Please illustrate the two purposes of reward and punishment.)

പ്രതിഫലവും ശിക്ഷയും ദൈവത്തിന്റെ ജ്ഞാനത്തിനൊത്തവണ്ണമാണ് നിർണ്ണയിക്കപ്പെടുന്നത് (1 കൊരി. 3:14; 2 കൊരി. 5:10)

(പ്രതിഫലത്തിന്റെയും ശിക്ഷയുടെയും രണ്ട് ഉദ്ദേശ്യങ്ങൾ ദയവായി വിശദീകരിക്കുക.)

**ദിവസം 3**

**വിഷയം 5**

The Testimony of the Apostles and the Words of the Prophets in the Scripture Are the Shining of the Truth (2 Pet. 1:19; Rom. 13:12)

(What does Peter's comparing the prophetic word in the Scripture to a lamp shining in a dark place indicate?)

അപ്പൊസ്തലന്മാരുടെ സാക്ഷ്യവും തിരുവെഴുത്തിലെ പ്രവാചകന്മാരുടെ വചനവും സത്യത്തിന്റെ പ്രകാശമാണ് (2 പത്രൊ. 1:19; റോമ. 13:12)

(തിരുവെഴുത്തിലെ പ്രവാചക വചനത്തെ ഇരുട്ടുള്ളേടത്തു പ്രകാശിക്കുന്ന വിളക്കിനോട് പത്രൊസ് ഉപമിക്കുന്നത് എന്താണ് സൂചിപ്പിക്കുന്നത്?)

**വിഷയം 6**

The Lord Will Appear as the Morning Star to Those Who Are watchful and Eager for His Appearing at the Deepest Time of the Night (2 Pet. 1:19; Rom. 13:12)

(What does it mean that we do well to pay attention to the word of the prophets until the day dawns and the morning star rises in our hearts?)

രാത്രിയുടെ ഏറ്റവും കനത്ത ഇരുളടഞ്ഞ സമയത്ത്, ജാഗ്രതയുള്ളവരും അവന്റെ പ്രത്യക്ഷതയ്ക്കായി വാഞ്ഛിക്കുന്നവരുമായവർക്ക് കർത്താവ് ഉദയനക്ഷത്രമായി പ്രത്യക്ഷപ്പെടും (2 പത്രൊ. 1:19; റോമ. 13:12)

(നാൾ പുലരുകയും ഉദയനക്ഷത്രം നമ്മുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുവോളം, ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് എന്നപോലെ പ്രവാചക വചനത്തിന് നാം ശ്രദ്ധകൊടുക്കുണം എന്നതിന്റെ അർത്ഥമെന്താണ്?)

**ദിവസം 4**

**വിഷയം 7**

Not Knowledge, Not Written Regulations, but the Day Dawning and the Shining Star Rising (Rev. 2:28; 2 Tim. 4:8)

(Please illustrate that our loving the Bible is to pay attention to it until something shines and rises in our hearts.)

അറിവോ എഴുതപ്പെട്ട ചട്ടങ്ങളോ അല്ല, മറിച്ച് പകൽ പുലരുന്നതും പ്രകാശിക്കുന്ന നക്ഷത്രം ഉദിക്കുന്നതുമാണ് (വെളി. 2:28; 2 തിമൊ. 4:8)

(നമ്മുടെ ഹൃദയങ്ങളിൽ എന്തെങ്കിലും പ്രകാശിക്കുകയും ഉദിക്കുകയും ചെയ്യുവോളം അതിന് ശ്രദ്ധ കൊടുക്കുക എന്നതാണ് നമ്മൾ ബൈബിളിനെ സ്നേഹിക്കുന്നത് എന്ന് ദയവായി വിശദീകരിക്കുക.)

**വിഷയം 8**

Outwardly We Live in a Dark Age, but Inwardly We Are Full of Light (Rev. 2:28; 2 Tim. 4:8)
(Please illustrate that if we pay attention to the prophecies of the Bible, we will experience the lamp shining within us, enjoy the morning star rising in our hearts, and have the spiritual day dawning in us.)

ബാഹ്യമായി നാം ജീവിക്കുന്നത് ഒരു ഇരുണ്ട യുഗത്തിലാണ്, എന്നാൽ ആന്തരികമായി നാം വെളിച്ചം നിറഞ്ഞവരാണ് (വെളി. 2:28; 2 തിമൊ. 4:8)
(നാം ബൈബിളിലെ പ്രവചനങ്ങൾക്ക് ശ്രദ്ധ കൊടുക്കുകയാണെങ്കിൽ, നമ്മുടെ ഉള്ളിൽ വിളക്ക് പ്രകാശിക്കുന്നത് നാം അനുഭവമാക്കുമെന്നും, നമ്മുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുന്നത് ആസ്വദിക്കുമെന്നും, ആത്മികമായ പകൽ നമ്മുടെ ഉള്ളിൽ പുലരുമെന്നും ദയവായി വിശദീകരിക്കുക.)

**ദിവസം 5**

**വിഷയം 9**

The Appearing of the Morning Star Is Secret, but the Appearing of the Sun Is Public (Rev. 22:16; Mal. 4:2)
(Please illustrate that at His return, Christ will be the morning star to the overcomers, but to all the rest, He will appear only as the sun.)

ഉദയനക്ഷത്രത്തിന്റെ പ്രത്യക്ഷത രഹസ്യമാണ്, എന്നാൽ സൂര്യന്റെ പ്രത്യക്ഷത പരസ്യമാണ് (വെളി. 22:16; മലാ. 4:2)
(തന്റെ മടങ്ങിവരവിൽ, ക്രിസ്തു ജയാളികൾക്ക് ഉദയനക്ഷത്രമായിരിക്കും, എന്നാൽ മറ്റുള്ളവർക്കെല്ലാം അവൻ സൂര്യനായി മാത്രമേ പ്രത്യക്ഷപ്പെടുകയുള്ളൂ എന്ന് ദയവായി വിശദീകരിക്കുക.)

**വിഷയം 10**

We Should All Take Paul as Our Pattern to Love the Lord's Appearing (2 Tim. 4:8; Rev. 22:12)
(Please illustrate that our living should indicate that we have no other hope on earth, that our hope is in the coming Lord, who is our eternal destiny.)

കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുവാൻ നാമെല്ലാവരും പൗലൊസിനെ നമ്മുടെ മാതൃകയായി സ്വീകരിക്കണം (2 തിമൊ. 4:8; വെളി. 22:12)
(നമുക്ക് ഭൂമിയിൽ മറ്റ് പ്രത്യാശയൊന്നുമില്ലെന്നും, നമ്മുടെ പ്രത്യാശ വരുന്ന കർത്താവിലാണെന്നും, അവൻ നമ്മുടെ നിത്യമായ ലക്ഷ്യസ്ഥാനമാണെന്നും നമ്മുടെ ജീവിതം സൂചിപ്പിക്കണം എന്ന് ദയവായി വിശദീകരിക്കുക.)

**ദിവസം 6**

**വിഷയം 11**

Lord Jesus, Come! (Rev. 22:7, 20)

(Please illustrate that the entire Bible concludes with the expression of our longing for the Lord's return becoming a prayer.)

കർത്താവായ യേശുവേ, വരേണമേ! (വെളി. 22:7, 20)

(കർത്താവിന്റെ മടങ്ങിവരവിനായുള്ള നമ്മുടെ വാഞ്ഛ ഒരു പ്രാർത്ഥനയായി മാറിക്കൊണ്ടാണ് ബൈബിൾ മുഴുവനും അവസാനിക്കുന്നത് എന്ന് ദയവായി വിശദീകരിക്കുക.)

**വിഷയം 12**

When the Lord Jesus Returns, He Will Not Only Judge Negative Things but Also Marry His Bride (Rev. 22:7, 20)

(Please illustrate that the bride must be prepared for the Bridegroom, and this preparation is through the growth in life: growth takes time.)

കർത്താവായ യേശു മടങ്ങിവരുമ്പോൾ, അവൻ പ്രതിലോമകരമായ കാര്യങ്ങളെ ന്യായംവിധിക്കുക മാത്രമല്ല, തന്റെ മണവാട്ടിയെ വിവാഹം കഴിക്കുകയും ചെയ്യും (വെളി. 22:7, 20)

(മണവാളനായി മണവാട്ടി ഒരുക്കപ്പെടേണ്ടതുണ്ട്, ഈ ഒരുക്കം ജീവനിലെ വളർച്ചയിലൂടെയാണ്: വളർച്ചയ്ക്ക് സമയമെടുക്കും എന്ന് ദയവായി വിശദീകരിക്കുക.)